ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.11.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ബ്രസീലിൽ നടന്ന 19-ാ മത് ജി-20 ഉച്ചകോടിയുടെ ഭാഗമായുള്ള റിയോ ഡി ജനീറോ പ്രഖ്യാപനം അംഗീകരിച്ച് ജി-20 അംഗരാജ്യങ്ങൾ.

2. ഗ്ലോബൽ സൗത്ത് മേഖലയിലെ രാജ്യങ്ങളുടെ പ്രശ്നപരിഹാരത്തിന് മുൻഗണന നൽകണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ജി-20 ഉച്ചകോടിയിൽ.

3. മഹാരാഷ്ട്ര, ഝാർഖണ്ഡ് എന്നിവിടങ്ങളിലെ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. കേരളത്തിൽ പാലക്കാട് നിയമസഭാ ഉപതിരഞ്ഞെടുപ്പ് നാളെ.

4. ഗുജറാത്തിൽ നടക്കുന്ന അഖിലേന്ത്യാ പോലീസ് സയൻസ് കോൺഗ്രസിന്റെ സുവർണ ജൂബിലി ആഘോഷങ്ങൾ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്യു.

5. കാലാവസ്ഥാ വ്യതിയാനം, ആരോഗ്യ പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട് ജില്ലാ- നഗര തലത്തിൽ കർമ്മ പദ്ധതികൾ വികസിപ്പിക്കാൻ സംസ്ഥാന -കേന്ദ്ര ഭരണ പ്രദേശങ്ങൾക്ക് നിർദേശം നൽകി കേന്ദ്ര ആരോഗ്യ മന്ത്രാലയം.

6. വനിതാ ഏഷ്യൻ ചാമ്പ്യൻഷിപ്പ് ഹോക്കി സെമി ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ചൈന ഓപ്പൺ മാസ്റ്റേഴ്സ് ബാഡ്മിൻറൺ ടൂർണമെൻറിൽ ഇന്ത്യൻ താരങ്ങൾ ഇന്നിറങ്ങും.

**************************************************

## RIO DE JANEIRO DECLARATION

19-ാ മത് ജി-20 ഉച്ചകോടിയുടെ ഭാഗമായുള്ള റിയോ ഡി ജനീറോ പ്രഖ്യാപനം ജി-20 അംഗരാജ്യങ്ങൾ അംഗീകരിച്ചു. സാമൂഹിക ഉൾപ്പെടുത്തൽ, പട്ടിണി, ദാരിദ്ര്യം എന്നിവയ്ക്കെതിരായ പോരാട്ടം, സുസ്ഥിര വികസനം, ഊർജം, നിർമിത ബുദ്ധി, തുടങ്ങിയ വിഷയങ്ങൾ പ്രഖ്യാപനത്തിൽ ഉൾപ്പെടുന്നു. ന്യൂഡൽഹി പ്രഖ്യാപനത്തിൻറെ തുടർച്ചയായ നിരവധി വിഷയങ്ങളും പുതിയ പ്രഖ്യാപനത്തിലുണ്ട്.

**********************************************

## GLOBAL SOUTH FACES CRISIS

ബ്രസീലിലെ റിയോ ഡി ജനീറോയിൽ നടന്ന ജി-20 ഉച്ചകോടിയെ അഭിസംബോധന ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി ഗ്ലോബൽ സൗത്തിൻറെ ദയനീയാവസ്ഥ സൂചിപ്പിച്ചു. ഭക്ഷണം, ഇന്ധനം, വളം എന്നിവയുടെ വിതരണത്തിലെ പ്രതികൂലസാഹചര്യം അദ്ദേഹം ഉയർത്തിക്കാട്ടി, ഈ മേഖലയിലെ രാജ്യങ്ങളുടെ പ്രശ്നപരിഹാരത്തിന് മുൻഗണന നൽകാൻ ജി-20 യ്ക്ക് കഴിയണമെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യ ജി-20 അധ്യക്ഷത വഹിച്ച സമയത്തു "ജനകേന്ദ്രീകൃത തീരുമാനങ്ങൾ" മുന്നോട്ട് വെച്ചതിന് ബ്രസീലിനെ മോദി അഭിനന്ദിച്ചു. 80 രാജ്യങ്ങളുടെ പിന്തുണയോടെ ദാരിദ്ര്യവും പട്ടിണിയും നേരിടാൻ ഒരു ആഗോള സഖ്യം ഉച്ചകോടിയിൽ ആരംഭിച്ചു.

**********************************************

## PM - BILATERALS

ജി-20 ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയ വിവിധ ലോക നേതാക്കളുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ഉഭയകക്ഷി ചർച്ചകൾ നടത്തി. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ സംസ്കാരം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ഇന്ത്യ - ഇറ്റലി സഹകരണം ശക്തിപ്പെടുത്താൻ ധാരണയായി. ബഹിരാകാശം, ഊർജം, നിർമിതബുദ്ധി തുടങ്ങിയ മേഖലകളിലെ കൂട്ടായ പ്രവർത്തനത്തിന് ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവൽ മാക്രോയുമായി ശ്രീ മോദി നടത്തിയ കൂടിക്കാഴ്ചയിൽ

ധാരണയായി. യു.കെ, നോർവേ, പോർച്ചുഗൽ, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിലെ നേതാക്കളുമായും പ്രധാനമന്ത്രി നരേന്ദ്ര മോദി ഉഭയകക്ഷി ചർച്ചകൾ നടത്തി.

*******************************************

## JAISHANKAR - CHINA MEET

ബ്രസീലിൽ നടക്കുന്ന ജി-20 ഉച്ചകോടിയ്ക്കിടെ വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ചൈനീസ് വിദേശകാര്യമന്ത്രി വാങ് യിയുമായി കൂടിക്കാഴ്ച നടത്തി, ഇന്ത്യ-ചൈന അതിർത്തിയിലെ സമീപകാല സംഭവ വികാസങ്ങളുടെ പുരോഗതി ഇരുവരും ചർച്ച ചെയ്തു. ഉഭയകക്ഷി ബന്ധത്തിൻ്റെ തുടർനടപടികളെക്കുറിച്ച് ഇരു നേതാക്കളും അഭിപ്രായങ്ങൾ കൈമാറിയെന്ന് ജയശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു.

*******************************************

## MAHA-POLL ARRANGEMENTS

മഹാരാഷ്ട്രയിൽ നാളെ നടക്കുന്ന നിയമസഭ തിരഞ്ഞെടുപ്പിലെ വോട്ടെടുപ്പിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. 288 സീറ്റുകളിൽ ഒറ്റഘട്ടമായാണ് വോട്ടെടുപ്പ്. 2,086 സ്വതന്ത്ര സ്ഥാനാർത്ഥികൾ ഉൾപ്പെടെ 4,136 പേരാണ് മഹാരാഷ്ട്രയിൽ ജനവിധി തേടുന്നത്.

*******************************************

## JHARKHAND-POLL ARRANGEMENT

ഝാർഖണ്ഡിൽ നിയമസഭാ തിരഞ്ഞെടുപ്പിൻറെ രണ്ടാം ഘട്ടം നാളെ. വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ സംസ്ഥാനത്ത് പൂർത്തിയായി. 12 ജില്ലകളിലെ 38 മണ്ഡലങ്ങളിലേക്കാണ് നാളെ വോട്ടെടുപ്പ് നടക്കുന്നത്. നവംബർ 23-നാണ് വോട്ടെണ്ണൽ.

*******************************************

## PALAKKAD ELECTION - (INTRO)

നാളെ ഉപതെരഞ്ഞെടുപ്പ് നടക്കുന്ന കേരളത്തിലെ പാലക്കാട് നിയമസഭാ മണ്ഡലത്തിൽ നിശബ്ദ പ്രചാരണം പുരോഗമിക്കുന്നു. ശക്തമായ ത്രികോണ മത്സരം നടക്കുന്ന പാലക്കാട് ഇന്നത്തെ നിശബ്ദ പ്രചാരണവും സ്ഥാനാർത്ഥികൾക്ക് നിർണ്ണായകമാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**

**പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...**

**(വോയിസ്......)**

**********************************************

## PUNJAB-BY POLLS

പഞ്ചാബിലെ നാല് നിയമസഭാ മണ്ഡലങ്ങളിലേക്ക് നാളെ നടക്കുന്ന ഉപതിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. നാല് മണ്ഡലങ്ങളിലായി 831 പോളിംഗ് സ്റ്റേഷനുകളാണുള്ളത്. കേന്ദ്രസായുധ സേനയെയും 6,000 പോലീസുകാരെയും സുരക്ഷ ഉറപ്പാക്കാൻ വിന്യസിച്ചതായി ചീഫ് ഇലക്ടറൽ ഓഫീസർ അറിയിച്ചു.

**********************************************

## AMIT SHAH-GUJARAT VISIT

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഗുജറാത്തിലെ ഗാന്ധിനഗറിൽ അഖിലേന്ത്യാ പോലീസ് സയൻസ് കോൺഗ്രസിൻറെ സുവർണ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യു. പുതിയ ക്രിമിനൽ നിയമത്തിൽ ഫോറൻസിക്കിൻറെയും സാങ്കേതികവിദ്യയുടെയും ഉപയോഗം, നിർമിതബുദ്ധി, ദുരന്തസാധ്യത കുറയ്ക്കുന്നതിൽ പോലീസിൻറെ പങ്ക് തുടങ്ങിയ വിഷയങ്ങൾ രണ്ട് ദിവസത്തെ സമ്മേളനം ചർച്ച ചെയ്യും. കേന്ദ്ര-സംസ്ഥാന പോലീസ് സേനകളിൽ നിന്നായി 250-ഓളം പേർ പങ്കെടുക്കും.

**********************************************

## HEALTH SEC - POLLUTION

കാലാവസ്ഥാ വ്യതിയാനം, ആരോഗ്യ പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട് ജില്ലാ- നഗര തലത്തിൽ കർമ്മ പദ്ധതികൾ വികസിപ്പിക്കാൻ സംസ്ഥാന-കേന്ദ്ര ഭരണ പ്രദേശങ്ങൾക്ക് നിർദേശം നൽകി ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം. അന്തരീക്ഷ മലിനീകരണവുമായി ബന്ധപ്പെട്ട രോഗങ്ങളുടെ നിരീക്ഷണത്തിനായി ആശുപത്രികളുടെ ശൃംഖല വിപുലീകരിക്കാനും നിർദേശമുണ്ട്. കൂട്ടായ പ്രവർത്തനത്തിലൂടെ കാലാവസ്ഥാ വ്യതിയാനത്തിന്റെയും അന്തരീക്ഷ മലിനീകരണത്തിന്റെയും വെല്ലുവിളികൾ മറികടക്കാൻ കഴിയുമെന്ന് കേന്ദ്ര ആരോഗ്യ സെക്രട്ടറി പുണ്യ സലീല ശ്രീവാസ്തവ പ്രത്യാശ പ്രകടിപ്പിച്ചു.

********************************************

## NEW ALL PARTY MEETING

പാർലമെന്റിന്റെ ശൈത്യകാല സമ്മേളനത്തിന് മുന്നോടിയായി ഈ മാസം 24- ന് കേന്ദ്ര സർക്കാർ സർവകക്ഷിയോഗം വിളിച്ചു. സമ്മേളനത്തിൽ ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പിന്തുണ തേടുന്നതിൻറെ ഭാഗമായാണ് യോഗം. ഈ മാസം 25 മുതൽ ഡിസംബർ 20 വരെയാണ് ശൈത്യകാല സമ്മേളനം.

********************************************

## ISRO - GSAT-20

ഇന്ത്യയുടെ വാർത്താവിനിമയ ഉപഗ്രഹമായ GSAT 20 യു.എസ്സിലെ കെയ്പ് കനാവെറലിൽ നിന്ന് വിജയകരമായി വിക്ഷേപിച്ചു. എലോൺ മസ്കിൻറെ ഉടമസ്ഥതയിലുള്ള Space X ൻറെ ഫാൽക്കൺ -9 ആണ് വിക്ഷേപണം നടത്തിയത്. വിക്ഷേപണം വിജയകരമായിരുന്നെന്നും ഉപഗ്രഹം മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും ഐഎസ്ആർഒ ചെയർമാൻ എസ് സോമനാഥ് പറഞ്ഞു.

**(HOLD VOICE………)**

വിദൂര പ്രദേശങ്ങളിലേക്കുള്ള ഇൻറർനെറ്റ് കണക്റ്റിവിറ്റി ഉൾപ്പെടെ ഇന്ത്യയിലുടനീളം സുപ്രധാന സേവനങ്ങൾ ഇതിലൂടെ ലഭ്യമാകും.

*********************************************

**RAJNATH - LAOS**

രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ്ങിൻറെ രണ്ട് ദിവസത്തെ ലാവോസ് സന്ദർശനത്തിന് നാളെ തുടക്കം. ആസിയാൻ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ അദ്ദേഹം പങ്കെടുക്കും. യു.എസ്, ചൈന, ഓസ്ട്രേലിയ, ജപ്പാൻ, ലാവോസ്, മലേഷ്യ, ന്യൂസിലൻഡ്, ഫിലിപ്പീൻസ്, ദക്ഷിണ കൊറിയ എന്നീ രാജ്യങ്ങളിലെ പ്രതിരോധ മന്ത്രിമാരുമായി ശ്രീ രാജ് നാഥ് സിങ് ഉഭയകക്ഷി ചർച്ചകൾ നടത്തും.

*********************************************

**WOMEN`S HOCKEY**

വനിതാ ഏഷ്യൻ ചാമ്പ്യൻഷിപ്പ് ഹോക്കി സെമി ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് ബീഹാറിൽ തുടക്കം. ഉച്ചയ്ക്ക് 2.15-ന് നടക്കുന്ന ആദ്യ മത്സരത്തിൽ ചൈന- മലേഷ്യയെ നേരിടും. ഇന്ത്യ – ജപ്പാൻ സെമി ഫൈനൽ വൈകിട്ട് 4.45-ന് നടക്കും.

*********************************************

**BADMINTON- CHINA OPEN**

ചൈന ഓപ്പൺ ബാഡ്മിൻറൺ ടൂർണമെൻറിന് ഇന്ന് ഷെൻജെനിൽ തുടക്കമാകും. ഇന്ത്യൻ താരങ്ങളായ സുമീത് റെഡ്ഡി, എൻ സിക്കി റെഡ്ഡി എന്നിവർ മിക്സഡ് ഡബിൾസിൽ ഇന്ന് ഇറങ്ങും. പുരുഷ ഡബിൾസിൽ സാത് വിക് സായ് രാജ് റെങ്കി റെഡ്ഡി- ചിരാഗ് ഷെട്ടി സഖ്യം ചൈനീസ് തായ്പെയ് സഖ്യത്തെ നേരിടും. പുരുഷ സിംഗിൾസിൽ ലക്ഷ്യ സെന്നും, വനിത സിംഗിൾസിൽ പി വി സിന്ധുവും ഇന്ത്യയ്ക്കായി മത്സരിക്കുന്നുണ്ട്.

*********************************************

## INDIRA GANDHI

മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പടെ രാഷ്ട്രീയ രംഗത്തെ പ്രമുഖ നേതാക്കൾ ഇന്ദിരാഗാന്ധിക്ക് സ്മരണാഞ്ജലി അർപ്പിച്ചു.

*********************************************

## NATIONAL INTEGRATION DAY

രാജ്യം ഇന്ന് ദേശീയോദ്ഗ്രഥന ദിനം ആചരിക്കുന്നു.

മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ജന്മ വാർഷിക ദിനമായ നവംബർ 19-നാണ് എല്ലാ വർഷവും ദേശീയോദ്ഗ്രഥന ദിനാചരണം സംഘടിപ്പിക്കുന്നത്. സമൂഹത്തിൽ സമാധാനവും ഐക്യവും നിലനിർത്തുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

*********************************************

## CCI-WHATSAPP

2021-ലെ വാട്ട്സ്ആപ്പ് പ്രൈവസി പോളിസി അപ്ഡേറ്റുമായി ബന്ധപ്പെട്ട് കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ സമൂഹ മാധ്യമ പ്ലാറ്റ്ഫോമായ മെറ്റയ്ക്ക് 213.14 കോടി രൂപ പിഴ ചുമത്തി. അടുത്ത അഞ്ച് വർഷത്തേക്ക് പരസ്യ ആവശ്യങ്ങൾക്കായി ഉപയോക്താക്കളുടെ വിവരങ്ങൾ മെറ്റാ ഉടമസ്ഥതയിലുള്ള മറ്റ് ആപ്ലിക്കേഷനുകളുമായി പങ്കിടുന്നത് നിർത്താനും, സി.സി.ഐ വാട്ട്സ്ആപ്പിനോട് നിർദ്ദേശിച്ചു. ഡാറ്റ പങ്കിടൽ വ്യവസ്ഥകളെക്കുറിച്ച് ആഗോളതലത്തിൽ വിമർശനം ഉയർന്നതിനെ തുടർന്നാണ് 2021-ൽ, നയത്തെക്കുറിച്ച് CCI അന്വേഷണം ആരംഭിച്ചത്.

*********************************************

*********************************************

*********************************************